**File No.LSGD-FM2/156/2019-LSGD**

**കേരള സർക്കാർ**

**സംഗ്രഹം**

തദ്ദേശ സ്വയംഭരണ വകുപ്പ് - പഴശ്ശി ചാരിറ്റബിൾ സൊസൈറ്റിക്ക് തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങളുടെ തനത് ഫണ്ടിൽ നിന്നും സംഭാവന നൽകുന്നതിനുള്ള യഥേഷ്ടാനുമതി പുതുക്കി നൽകി ഉത്തരവ് പുറപ്പെടുവിക്കുന്നു.

---

**തദ്ദേശ സ്വയംഭരണ (എഫ്.എം.) വകുപ്പ്**

---

**സ.ഉ.(സാധാ) നം.2092/2019/ത.സ്വ.ഭ.വ** തിരുവനന്തപുരം, തീയതി,
**26/09/2019**

---

പരാമർശം:- 1. 01/03/2016 ലെ സ . ഉ ( സാധാ )984/2016/ തസ്വഭവ ഉത്തരവ്

2. 15/07/2016 ലെ സ . ഉ ( സാധാ )നം. 2125/2016/ തസ്വഭവ ഉത്തരവ്

3. ശ്രീ . സി . കെ . ശശീന്ദ്രൻ എം . എൽ . എ ( കൽപ്പറ്റ ) 06/07/2019ൽ സമർപ്പിച്ച കത്ത്

**ഉത്തരവ്**

വയനാട് ജില്ലയിലെ ആദിവാസികൾക്കിടയിൽ പ്രവർത്തിക്കുന്ന പഴശ്ശി ചാരിറ്റബിൾ സൊസൈറ്റി രൂപീകരിക്കുന്ന ആദിവാസികളുടെ ട്രൈബൽ വില്ലേജിന്റെ കെട്ടിട നിർമ്മാണങ്ങൾക്കും മറ്റ് അനുബന്ധ ചെലവുകൾക്കും നഗരസഭകൾ/ഗ്രാമപഞ്ചായത്തുകൾ അവരുടെ ഭരണസമിതി തീരുമാനത്തിന് വിധേയമായി തനത് ഫണ്ടിൽ നിന്നും പരമാവധി ഒരു ലക്ഷം രൂപ വരെ സംഭാവന നൽകുന്നതിന് യഥാക്രമം പരാമർശം 1ലെയും,2 ലെയും ഉത്തരവുകൾ പ്രകാരം യഥേഷ്ടാനുമതി നല്കിയിരുന്നു. എന്നാൽ, ചില സാങ്കേതിക പ്രശ്നങ്ങൾ കാരണം അപേക്ഷ നൽകി സംഭാവന സ്വീകരിക്കാൻ കഴിഞ്ഞിരുന്നില്ലെന്നും ആയതിനാൽ പ്രസ്തുത ഉത്തരവുകൾ പുതുക്കി പുറപ്പെടുവിക്കുന്നതിനുള്ള നടപടികൾ സ്വീകരിക്കണമെന്ന് ശ്രീ . സി . കെ . ശശീന്ദ്രൻ എം . എൽ . എ അഭ്യർത്ഥിച്ചിരിക്കുന്നു .

സർക്കാർ ഇക്കാര്യം വിശദമായി പരിശോധിച്ചു. പരാമർശം (1),(2) എന്നീ ഉത്തരവുകൾ പ്രകാരം അപേക്ഷ നൽകി സംഭാവന സ്വീകരിക്കാൻ കഴിയാത്ത സാഹചര്യത്തിൽ നഗരസഭകൾക്കും ഗ്രാമപഞ്ചായത്തുകൾക്കും അവരുടെ ഭരണസമിതികളുടെ തീരുമാനത്തിന് വിധേയമായി തനത് ഫണ്ടിൽ നിന്നും പരമാവധി 1,00,000/- രൂപ വരെ( ഒരു ലക്ഷം രൂപ), ആദിവാസികളുടെ ട്രൈബൽ വില്ലേജിന്റെ കെട്ടിട നിർമാണത്തിനും മറ്റു അനുബന്ധ ചെലവുകൾക്കുമായി പഴശ്ശി ചാരിറ്റബിൾ സൊസൈറ്റിക്ക് സംഭാവന നൽകുന്നതിനായി പരാമർശം (1)(2) പ്രകാരം പുറപ്പെടുവിച്ചിട്ടുള്ള യഥേഷ്ടാനുമതി പുതുക്കി നൽകി ഉത്തരവ് പുറപ്പെടുവിക്കുന്നു.

(ഗവർണ്ണറുടെ ഉത്തരവിൻ പ്രകാരം,)

**ബീനമോൾ കെ ജെ**

**ഡെപ്യൂട്ടിസെക്രട്ടറി**

നഗരകാര്യ ഡയറക്ടർ, തിരുവനന്തപുരം

പഞ്ചായത്ത് ഡയറക്ടർ, തിരുവനന്തപുരം

പഞ്ചായത്ത് ഡെപ്യൂട്ടി ഡയറക്ടർ, വയനാട്

ഗ്രാമ പഞ്ചായത്തുകൾ(പകർപ്പ് പഞ്ചായത്ത് ഡയറക്ടർ മുഖേന )

മുനിസിപ്പാലിറ്റികൾ(പകർപ്പ് നഗരകാര്യ ഡയറക്ടർ, തിരുവനന്തപുരം മുഖേന )

ഡയറക്ടർ, കേരള സ്റ്റേറ്റ് ആഡിറ്റ് വകുപ്പ്, തിരുവനന്തപുരം

അക്കൗണ്ടന്റ് ജനറൽ (എൽ ബി എ & എ) കേരള, തിരുവനന്തപുരം.

എക്സിക്യൂട്ടീവ് ചെയർമാൻ/ ഡയറക്ടർ, ഇൻഫർമേഷൻ കേരള മിഷൻ, തിരുവനന്തപുരം
(തദ്ദേശസ്വയംഭരണ വകുപ്പിന്റെ വെബ്സൈറ്റിൽ പ്രസിദ്ധീകരിക്കുന്നതിന്)

സ്റ്റോക്ക് ഫയൽ / ഓഫീസ് കോപ്പി.

ഉത്തരവിൻ പ്രകാരം,

സെക്ഷൻ ഓഫീസർ